ഒരു ഐക്യമുള്ള സമൂഹം സൃഷ്ടിക്കാൻ ഓരോ വ്യക്തിക്കും പങ്കുണ്ട്. മറ്റുള്ളവരുടെ ഭാഷയെ ബഹുമാനിക്കുക, അവരുടെ ആചാരങ്ങളെ പരിഹസിക്കാതിരിക്കുക, വ്യത്യാസങ്ങളെ സ്വീകരിക്കുക – ഇവയെല്ലാമാണ് ഐക്യത്തിലേക്കുള്ള ആദ്യപടികൾ. ചെറിയ പ്രവർത്തനങ്ങൾ പോലും വലിയ മാറ്റങ്ങൾക്ക് തുടക്കമാകാം. സമൂഹത്തിലെ ഓരോ അംഗവും ഈ ഉത്തരവാദിത്വം ഏറ്റെടുക്കുമ്പോഴാണ് യഥാർത്ഥ ഐക്യം സാധ്യമാകുന്നത്.

രാജ്യത്തിന്റെ വികസനത്തിനും സാംസ്കാരിക ഐക്യം അനിവാര്യമാണ്. ഐക്യമുള്ള സമൂഹത്തിൽ സഹകരണം കൂടുതലായിരിക്കും. അതിലൂടെ സാമ്പത്തികവും സാമൂഹികവുമായി പുരോഗതി വേഗത്തിൽ നടക്കും. വൈവിധ്യത്തെ ഉൾക്കൊള്ളുന്ന ഐക്യം മാത്രമാണ് സ്ഥിരതയുള്ള വികസനത്തിന് വഴിയൊരുക്കുന്നത്. അതിനാൽ, സാംസ്കാരിക ഐക്യം ഒരു സിദ്ധാന്തമല്ല; അത് പ്രായോഗിക ജീവിതത്തിൽ നടപ്പാക്കേണ്ട ഒരു മൂല്യമാണ്.

അവസാനമായി, സാംസ്കാരിക ഐക്യം മനുഷ്യരാശിയുടെ ഏറ്റവും വലിയ ശക്തികളിലൊന്നാണ്. വൈവിധ്യത്തെ ഇല്ലാതാക്കാതെ, അതിനെ ബഹുമാനിച്ചുകൊണ്ട് ഒരുമയായി മുന്നേറുമ്പോഴാണ് ഒരു സമൂഹം യഥാർത്ഥ പുരോഗതിയിലേക്ക് എത്തുന്നത്. അതിനാൽ, ഓരോരുത്തരും അവരുടെ ജീവിതത്തിൽ ഐക്യത്തിന്റെ മൂല്യങ്ങൾ ഉൾക്കൊണ്ട്, വൈവിധ്യത്തെ ആഘോഷിക്കുന്ന ഒരു സമൂഹം സൃഷ്ടിക്കാൻ ശ്രമിക്കണം.

# ഉൾക്കൊള്ളൽ



ആദിത്യ പി ടി
മലയാളം (2025-27)

വ്യത്യസ്ത നിറങ്ങൾ ചേർന്നൊരു
മഴവില്ലുപോലെ,
വ്യത്യസ്ത മനസുകൾ ചേർന്നാൽ ലോകം
മനോഹരമേ.
ആരെയും മാറ്റിനിർത്താതെ, കൈകോർത്തു
മുന്നേറാം,
സ്നേഹവും സമത്വവും വിതറി നന്മകൾ
പൂക്കാം.
ഭാഷ വേറെയായാലും ഹൃദയം ഒന്നാകട്ടെ,
ചിന്തകൾ പലതായാലും ലക്ഷ്യം നന്മയാകട്ടെ.
ചെറുതെന്നോ വലുതെന്നോ ഭേദമില്ലാതെ,
എല്ലാവരെയും ചേർത്തുപിടിക്കാം
സ്നേഹത്തോടെ.
കഴിവുകൾ വ്യത്യസ്തമെങ്കിലും അവസരം
തുല്യമാകണം,
ഓരോ ഹൃദയത്തിലും പ്രതീക്ഷയുടെ ദീപം
തെളിയണം.
ഉൾക്കൊള്ളലിന്റെ വഴിയിൽ സമൂഹം
വളരുമ്പോൾ,
സമാധാനവും സന്തോഷവും ഭൂമിയിൽ
നിറയുമ്പോൾ.
“നമ്മൾ” എന്ന ചിന്ത മനസ്സിൽ പൂത്തുലയട്ടെ,
ഒരുമയുടെ സന്ദേശം ലോകമെങ്ങും പടരട്ടെ.
ഉൾക്കൊള്ളലാണ് മനുഷ്യന്റെ മഹത്തായ
പാഠം,
അതിലാണ് തെളിയുന്നത് ജീവിതത്തിന്റെ
സൗന്ദര്യം.



# മയ്യഴിക്കിനിയും പറയാനുണ്ട്...!



നന്ദന സി
മലയാളം (2025-27)

ഇന്നും മയ്യഴി ഒഴുകുകയാണ്. മയ്യഴിപ്പുഴ ഒഴുകുന്ന ഇടത്തോളം എം. മുകുന്ദൻ എന്ന മയ്യഴിയുടെ കഥാകാരൻ ആസ്വാദകഹൃദയങ്ങളെ പുൽകിക്കൊണ്ടിരിക്കും. ഇരുപതുകളുടെ നിറവിൽ മുകുന്ദൻ എന്ന ചെറുപ്പക്കാരന്റെ തൂലികത്തുമ്പിൽ മയ്യഴിയുടെ വസന്തം വിരിഞ്ഞു. കോളനി ഭരണത്തിൻ കീഴിൽ നിലനിന്നപ്പോഴും പരസ്പരം കൈമാറിയ സംസ്കാരങ്ങളുടെ മേമ്പൊടിയിൽ ശാന്തമായിരുന്നു മയ്യഴി. അധിനിവേശം രൂപപ്പെടുത്തിയ മയ്യഴിയുടെ രാഷ്ട്രീയ-സാമൂഹിക ചരിത്രങ്ങളെ ചിത്രീകരിക്കുന്ന ഈ കൃതി, ഇന്ത്യൻ യൂണിയനിൽ ചേരുന്നതിലൂടെ മയ്യഴിയുടെ വിമോചനത്തെ പിന്തുണച്ചും ഫ്രഞ്ച് ഭരണത്തെ അനുകൂലിച്ചുമുള്ള നിലപാടുകൾ കഥയിൽ ഉടനീളം സമാന്തര കഥാപാത്രങ്ങളിലൂടെ ആവിഷ്കരിക്കുകയാണ്.

കഥയിലെ കേന്ദ്രകഥാപാത്രമായ ദാസൻ വിദ്യാഭ്യാസം ലഭിച്ചവനാണ്; അതിനപ്പുറം വിദ്യാഭ്യാസത്തിന്റെ വിലയറിഞ്ഞവനുമാണ്. അതുകൊണ്ട് താൻ മനസ്സിലാക്കിയ സ്വാതന്ത്ര്യം തന്റേത് മാത്രമല്ലെന്നും അത് മറ്റുള്ളവരുടേയും കൂടിയാണെന്നും അവരത് അറിയണമെന്നും അവൻ ചിന്തിക്കുന്നു. ചിന്തകൾക്കപ്പുറം പ്രവർത്തിക്കുന്നതും തന്റെ അധ്യാപകനിൽ നിന്ന് ലഭിച്ച കമ്മ്യൂണിസത്തിന്റെ ബാലപാഠങ്ങൾ സ്വന്തം ജീവിതത്തിന്റെ നാനാഭാഗങ്ങളിലും ദാസൻ ആവിഷ്കരിക്കുന്നുണ്ട്. ഫ്രഞ്ച് ആധിപത്യത്തിന്റെ നിഴലിൽ സ്ഥിതി ചെയ്യുന്ന മയ്യഴി ജനതയ്ക്ക് താൻ അറിഞ്ഞ സ്വാതന്ത്ര്യത്തിന്റെ വെളിച്ചം നൽകാൻ ശ്രമിച്ചപ്പോൾ സ്വയം ഇരുട്ടിൽ അകപ്പെട്ടിട്ടും അവൻ തന്റെ പോരാട്ടം അവസാനിപ്പിച്ചില്ല. സ്വന്തം ജീവിതത്തിന്റെ അടിത്തറ ഇളകിമാറിയിട്ടും സർവ്വവും നഷ്ടമായിട്ടും അവനവന്റെ ജനതയ്ക്കും അവരുടെ സ്വാതന്ത്ര്യത്തിനുമായി അവൻ നിലകൊള്ളുന്നു.

ദാരിദ്ര്യത്തിന്റെ പടുകുഴിയിൽ കഴിച്ചുകൂട്ടിയ ബാല്യകാലത്ത് കൂട്ടായിരുന്ന പുസ്തകങ്ങളും ദാസന് നൽകിയ പാഠങ്ങൾ ചെറുതല്ല. തനിക്ക് കിട്ടിയ അറിവ് തന്റേത് മാത്രമല്ലെന്ന ചിന്ത ദാസനിൽ നിന്ന് സൗഭാഗ്യപൂർണ്ണമായ ഒരു ജീവിതം തട്ടിയെടുത്തെങ്കിലും മറുവശത്ത് ഒരു ജനത അതേ സൗഭാഗ്യം അവൻ കാരണം അനുഭവിച്ചു തുടങ്ങിയിരിക്കുന്നു.

സമരചരിത്ര നോവലിൽ മനോഹരമായ പ്രണയത്തിന്റെ കടന്നുവരവ് അഭിനന്ദനാർഹമായിരുന്നു. ദാസനും മാസ്റ്ററുടെ അനന്തരവളായ ചന്ദ്രികയുമായുള്ള പ്രണയനിമിഷങ്ങൾ വായനക്കാരുടെ ഹൃദയത്തിലേക്ക് കടന്നു കയറുന്നു. എന്നാൽ അധികാരവും പണവും ഇല്ലാത്തവന് സൗഭാഗ്യം നിഷിദ്ധമാണെന്ന വസ്തുത എടുത്തുകാട്ടുകയാണ് ഭരതൻ (അച്ഛൻ) എന്ന കഥാപാത്രത്തിലൂടെ. ഈ കഥയുടെ യാത്ര അവസാനിക്കുന്നത് മയ്യഴിയിലെ കുറുമ്പിയമ്മ ഉൾപ്പെടുന്ന പഴമയിൽ പറഞ്ഞുകേട്ട വെള്ളിയാങ്കല്ലിലേക്കാണ് വായനക്കാരെ നയിക്കുന്നത്.

സ്വാതന്ത്ര്യത്തിനായുള്ള വിപ്ലവ കുതിപ്പിനിടയിലും ദാസൻ ചന്ദ്രികയെക്കുറിച്ചുള്ള ഓർമ്മകളിൽ അഭയം തേടുന്നു. വെള്ളിയാങ്കല്ലിൽ പാറിപ്പറക്കുന്ന തുമ്പികൾക്കിടയിൽ പ്രണയനഷ്ടത്തിന്റെ തീവ്രദുഃഖം ചുമലിലേറ്റി രണ്ട് തുമ്പികൾ ഇന്നും ജീവിച്ചിരിക്കുന്നുണ്ടെന്ന് വിശ്വസിക്കാനാണ് ഞാൻ ഉൾപ്പെടെയുള്ള വായനക്കാരുടെയും മയ്യഴിയുടെ മക്കളുടെയും ആഗ്രഹം.



ഇന്നും ജാതിയുടെയും മതത്തിന്റെയും സമൂഹത്തിന്റെയും സമ്പന്നതയുടെയും കയറുകളിൽ കുടുങ്ങി വലിഞ്ഞുമുറുകി ജീവശ്വാസം കിട്ടാതെ പോകുന്ന പ്രണയങ്ങൾ തുടർക്കഥയാകുമ്പോൾ ദാസനും ചന്ദ്രികയും ഇന്നും പുനരാവിഷ്കരിക്കപ്പെടുകയാണ്. ദാസന്റെ ജീവിതം ഒരു ശോകസംഗീതം പോലെ കടൽപ്പരപ്പിന്റെ ശാന്തതയിലൂടെ അങ്ങ് വെള്ളിയാങ്കല്ലിൽ ചെന്നുറങ്ങുന്നു.

മയ്യഴി ഒഴുകുകയാണ് ഇപ്പോഴും എല്ലാത്തിനും സാക്ഷിയായി. കാലങ്ങൾക്കിപ്പുറവും വായനക്കാരുടെ ഹൃദയങ്ങളെ തഴുകി ഒഴുകുകയാണ് മയ്യഴി. ഇന്നും മയ്യഴിക്ക് പറയാനുണ്ട് — വിദ്യയുടെ വേരുകളിൽ ഉയർന്ന് വന്നൊരു യുവാവിന്റെ യാതനകളെക്കുറിച്ച്, അവൻ നൽകിയ വിദ്യാഭ്യാസത്തിന്റെ അറിവിനെക്കുറിച്ച്, സ്വാതന്ത്ര്യത്തിന്റെ ജീവിതത്തെക്കുറിച്ച്, പ്രണയത്തിന്റെ കാഴ്ചകളെക്കുറിച്ച്, അത് കാണേണ്ട കണ്ണുകളെക്കുറിച്ച്...

"മയ്യഴി ഒഴുകുകയാണ്... കാലങ്ങൾക്കിപ്പുറവും
വായനക്കാരുടെ ഹൃദയങ്ങളെ തഴുകിക്കൊണ്ട്."



# വ്യത്യാസങ്ങൾക്കപ്പുറം



സാന്ദ്ര സജയൻ
മലയാളം (2025-27)

അതിരുകൾ വരച്ചത് മനുഷ്യൻ;
ഹൃദയങ്ങൾ വേർതിരിച്ചത് മനുഷ്യൻ.
മണ്ണിന്റെ നിറം മാറാം,
മൊഴിയുടെ സ്വരം മാറാം,
എങ്കിലും രക്തത്തിന്റെ ചുവപ്പ് ഒരേ കഥയാണ് പറയുന്നത് —
മനുഷ്യനെന്ന പേരിൽ ഒരു വലിയ ബന്ധം.
കിഴക്കിന്റെ പാട്ടും പടിഞ്ഞാറിന്റെ നൃത്തവും,
വടക്കിന്റെ ഭാഷയും തെക്കിന്റെ ചിന്തയും,
കൈകോർത്തു നിൽക്കുമ്പോൾ പിറക്കുന്നു ലോകം.
നിന്റെ വിശ്വാസം എന്റെ ശത്രുവല്ല,
എന്റെ ഭാഷ നിനക്കൊരു ഭാരമല്ല.
അറിവിന്റെ പ്രകാശം വീണിടത്ത്
അന്ധവിശ്വാസങ്ങൾ നിഴലായി ലയിക്കും.
നിന്റെ ദൈവത്തിന്റെ പേര്
എന്റെ നാവിൽ പതിയാത്തതാകാം,
എങ്കിലും നിന്റെ പ്രാർത്ഥനയിലെ വിങ്ങൽ
എന്റെ ഹൃദയം തിരിച്ചറിയുന്നു.
മണ്ണിന്റെ നിറം മാറാം,
ആചാരങ്ങളുടെ രൂപം മാറാം,
പക്ഷേ അമ്മയുടെ കൈകളിലെ ചൂട്
എവിടെയും ഒരുപോലെ തന്നെയല്ലോ.
പേരുകളിൽ വ്യത്യാസമുണ്ടാകും,
ഭക്ഷണങ്ങളിൽ മാറ്റമുണ്ടാകും,
വസ്ത്രങ്ങളിൽ നിറമുണ്ടാകും,
എന്നാൽ സ്നേഹത്തിന് ഒരു ഭാഷ മാത്രമേയുള്ളൂ.
“ഞാൻ” എന്ന മതിലുകൾ ഇടിഞ്ഞുവീഴുമ്പോൾ
“നാം” എന്ന ലോകം ഉയിർത്തെഴുന്നേൽക്കും.
കൈകോർക്കുന്ന ചെറുകൈകൾ
ഭാവിയുടെ ചരിത്രം എഴുതിത്തുടങ്ങും.
നൂറുകണക്കിന് ഭാഷകളുടെ ശ്വാസം,
ആയിരക്കണക്കിന് ആചാരങ്ങളുടെ ഒഴുക്ക്,
എന്നാലൊരൊറ്റ ആത്മാവിന്റെ സ്പന്ദനം.
വ്യത്യാസങ്ങൾ മതിലുകളാകാതെ പാലങ്ങളാകുമ്പോൾ,
ഹൃദയങ്ങൾ ഭയമല്ല, വിശ്വാസമാണ് പഠിക്കുന്നത്.
“നാം” എന്നൊരു വാക്ക് ഉയർന്ന നിമിഷം,
ലോകം മനുഷ്യകുലത്തിന്റെ മഹാഗാനമായി മാറും.



# ഇടവേളകളുടെ വ്യാകരണം



അരുൺ കെ
മലയാളം (2025-27)

ഇടവേളകളുടെ വ്യാകരണം
ഞാൻ എഴുതുന്നത്
വാക്കുകളല്ല —
വാക്കുകളുടെ ഇടവേളകളാണ്.

അവിടെ
ശബ്ദമില്ലാത്തൊരു നിലവിളി,
അർത്ഥം ജനിക്കുന്നതിനുമുമ്പേ
തകർന്നുപോകുന്നു.

കാലം ഒരു നേരായ രേഖയാണെന്ന്
ഞാൻ തെറ്റിദ്ധരിച്ചു.
പക്ഷേ,
വളഞ്ഞൊരു ചോദ്യചിഹ്നം
അതിന്റെ വക്രത്തിൽ
നമ്മൾ എല്ലാവരും
തെറ്റായ ഉത്തരങ്ങൾ മാത്രമായിരുന്നു.

നഗരത്തിന്റെ തിരക്കിൽ
മുഖങ്ങൾ മാറുന്നു,
പേരുകൾ മാത്രം
ഒരേപോലെ ആവർത്തിക്കുന്നു.
അവിടെയും
വലിയ ഇടവേളകൾ മാത്രം.

ഞാൻ
ഒരു കഥയല്ല —
കഥകളുടെ ഒരു കൂട്ടക്കുഴപ്പമാണ്.

ചരിത്രം എന്നെ എഴുതിയിട്ടില്ല;
ഞാനാണ് ചരിത്രത്തെ
മറുവായന ചെയ്യുന്നത് —
മാറ്റിവെക്കുന്ന അർത്ഥങ്ങളിലൂടെ.

ഭാഷകൾ എന്റെ നാവിൽ
പരസ്പരം വഴക്കിടുന്നു,
ഒരേയൊരു വാക്കിനായി.

അസ്തിത്വം?
ഒരു ചോദ്യചിഹ്നത്തിന്റെ
നീളമുള്ള നിഴൽ.
അതിന്റെ കീഴിൽ
ഞാൻ എന്റെ പേര്
ആവർത്തിക്കുന്നു.

അർത്ഥങ്ങൾ?
അവ സമയം തെറ്റി എത്തുകയും
പോകുകയും ചെയ്യുന്ന
ട്രെയിനുകൾപോലെ
തിക്കുംതിരക്കോടെ
യാത്ര തുടരുന്നു...

സമയം?
കൈയിലൊതുങ്ങാത്ത മണൽത്തുള്ളികൾ.
പിടിക്കുമ്പോഴേക്കും
വിരലുകൾക്കിടയിലൂടെ
ഒഴുകിപ്പോകുന്നു.

ജീവിതം?
അർത്ഥം തേടുന്നൊരു യാത്രപോലെ.
കണ്ടെത്തുന്നത് ഉത്തരമല്ല,
പുതിയ ചോദ്യങ്ങളാണെന്ന് മാത്രം...

അവസാനം?
അത് ഒരു തുടക്കത്തിന്റെ
മറ്റൊരു പേര് മാത്രം.
അവിടെ നിന്ന്
വീണ്ടും
അർത്ഥങ്ങൾ ഒഴുകിത്തുടങ്ങുന്നു...

അങ്ങനെ,
വാക്കുകൾ അവസാനിക്കുന്നിടത്ത്
ഇടവേളകൾ സംസാരിക്കുമ്പോൾ,
അവയുടെ ശബ്ദത്തിൽ
ഞാൻ എന്നെ വീണ്ടും കേൾക്കുന്നു.

അവിടെ —
അർത്ഥമില്ലായ്മ പോലും
ഒരു പുതിയ ഭാഷയായി
മാറിത്തുടങ്ങുന്നു.
പതിയെ,

ഇടവേളകൾ വ്യാകരണമാകുന്നു.

# സമാവേശത്തിന്റെ സ്വപ്ന വിദ്യാലയം



**അഞ്ജുശ്രീ പി**
**മലയാളം** (2025-27)

കണ്ണൂരിനടുത്തുള്ള ഒരു ഗ്രാമത്തിൽ ഒരു സർക്കാർ ഹൈസ്കൂൾ ഉണ്ടായിരുന്നു. ആ സ്കൂളിൽ പഠിച്ചിരുന്ന കുട്ടികൾ ഓരോരുത്തരും വ്യത്യസ്ത കഴിവുകളും വെല്ലുവിളികളും ഉള്ളവരായിരുന്നു. ചിലർ വളരെ വേഗത്തിൽ പഠിക്കുന്നവർ, ചിലർ സമയം എടുത്ത് മനസ്സിലാക്കുന്നവർ, ചിലർക്കു ശാരീരിക വൈകല്യങ്ങളും ഉണ്ടായിരുന്നു. പക്ഷേ, എല്ലാവർക്കും ഒരുപോലെ അവസരങ്ങൾ ലഭിച്ചിരുന്നില്ല.

ഒരു ദിവസം ആ സ്കൂളിലേക്ക് പുതിയ അധ്യാപികയായ ദേവിക ടീച്ചർ എത്തി. ക്ലാസ്സിൽ എത്തിയപ്പോൾ അവൾ ശ്രദ്ധിച്ചു — ചില കുട്ടികൾ ആത്മവിശ്വാസത്തോടെ സംസാരിക്കുമ്പോൾ, ചിലർ മിണ്ടാതെ ഇരിക്കുന്നു; ചിലരെ കൂട്ടുകാർ പരിഹസിക്കുകയും ചെയ്യുന്നു. അവൾ ഉടൻ തന്നെ മനസ്സിലാക്കി, ഇവിടെ പഠനം നടക്കുന്നു, പക്ഷേ സമാവേശം കുറവാണ്.

ആ ക്ലാസ്സിൽ അനിൽ എന്ന കാഴ്ചവൈകല്യമുള്ള കുട്ടിയുണ്ടായിരുന്നു. ബോർഡിൽ എഴുതുന്നത് അവന് കാണാൻ കഴിയില്ലായിരുന്നു. സ്നേഹയ്ക്ക് കേൾവിയിൽ പ്രശ്നമുണ്ടായിരുന്നു, അതിനാൽ അധ്യാപകർ പറയുന്ന പല കാര്യങ്ങളും അവൾക്കു മനസ്സിലാകാറില്ല. റിഷാദ് മന്ദഗതിയിലായിരുന്നു; അതുകൊണ്ട് പഠനത്തിൽ പലപ്പോഴും മറ്റുള്ളവർ അവനെ പരിഹസിച്ചു. ലക്ഷ്മി വളരെ ബുദ്ധിമതിയായിരുന്നെങ്കിലും സംസാരിക്കാൻ പേടിയുള്ളവളായിരുന്നു. മനു വീൽചെയർ ഉപയോഗിക്കുന്ന കുട്ടിയായിരുന്നു, അതിനാൽ പല പ്രവർത്തനങ്ങളിലും അവന് പങ്കാളിയാകാൻ കഴിയാതെ വിഷമിച്ചിരുന്നു.

ദേവിക ടീച്ചർ ഒരു തീരുമാനമെടുത്തു — ഒരാളെയും പിന്നിലാക്കരുത്. അവൾ അനിലിനായി ബ്രെയിൽ പുസ്തകങ്ങളും ഓഡിയോ പഠനസാമഗ്രികളും ഒരുക്കി. സ്നേഹയോട് ആശയവിനിമയം നടത്താൻ കൈസൂചനകൾ പഠിച്ചു, മറ്റ് കുട്ടികൾക്കും അത് പഠിപ്പിച്ചു. റിഷാദിനായി കൂട്ടുപഠനം ആരംഭിച്ചു; അതിലൂടെ കൂട്ടുകാർ തന്നെ അവനെ സഹായിക്കാൻ തുടങ്ങി.

ലക്ഷ്മിക്ക് ചെറിയ ഗ്രൂപ്പുകളിൽ സംസാരിക്കാൻ അവസരം നൽകി, അവളുടെ ആത്മവിശ്വാസം വർധിപ്പിച്ചു. മനുവിനായി സ്കൂളിൽ റാംപ് ഒരുക്കാൻ നടപടി സ്വീകരിച്ചു. കൂടാതെ അവനെയും ഉൾപ്പെടുത്തി പുതിയ കളികൾ രൂപപ്പെടുത്തി.

ആദ്യം കുട്ടികൾക്ക് ഇത് പുതുമയായിരുന്നു. പക്ഷേ പതിയെ അവർ തമ്മിൽ മനസ്സിലാക്കാൻ തുടങ്ങി. ഒരിക്കൽ "എന്റെ കഴിവ്" എന്ന പരിപാടി ക്ലാസ്സിൽ നടത്തി. ഓരോ കുട്ടിയും തങ്ങളുടെ കഴിവുകൾ പ്രകടിപ്പിച്ചു. അനിൽ മനോഹരമായി കവിത ചൊല്ലി, സ്നേഹ ചിത്രരചനയിലൂടെ എല്ലാവരെയും അത്ഭുതപ്പെടുത്തി, ലക്ഷ്മി ആത്മവിശ്വാസത്തോടെ പ്രസംഗിച്ചു, റിഷാദ് നാടകത്തിൽ അഭിനയിച്ചു, മനു കൂട്ടുകാരെ നയിച്ച് ഒരു പരിപാടി അവതരിപ്പിച്ചു.

ആ ദിവസം എല്ലാവർക്കും മനസ്സിലായി — ഓരോരുത്തർക്കും സ്വന്തം കഴിവുണ്ട്. വർഷാവസാനത്തിൽ സ്കൂളിൽ കലാമേള സംഘടിപ്പിച്ചു. ദേവിക ടീച്ചർ ഉറപ്പാക്കി, ഓരോ കുട്ടിക്കും പങ്കാളിത്തം ലഭിക്കണം. മാതാപിതാക്കളും അധ്യാപകരും ആ പരിപാടി കണ്ടപ്പോൾ അത്ഭുതപ്പെട്ടു. എല്ലാ കുട്ടികളും സന്തോഷത്തോടെയും ആത്മവിശ്വാസത്തോടെയും വേദിയിൽ നിന്നു.
അവസാനം ഹെഡ്മാസ്റ്റർ പറഞ്ഞു:

"ഇവിടെ നമ്മൾ പഠിപ്പിച്ചത് പാഠങ്ങൾ മാത്രമല്ല, മനുഷ്യത്വമാണ്."

അന്ന് മുതൽ ആ സ്കൂൾ സമാവേശത്തിന്റെയും എല്ലാവരെയും ഉൾക്കൊള്ളിക്കുന്നതിന്റെയും ഒരു മാതൃകയായി മാറി.

# റീലുകളും സാംസ്കാരിക രാഷ്ട്രീയവും : ഡിജിറ്റൽ യുഗത്തിലെ സംസ്കാര വായനകൾ



ശ്രീലക്ഷ്മി ടി.
മലയാളം (2025-27)

സാങ്കേതികവിദ്യ മനുഷ്യജീവിതത്തിന്റെ എല്ലാ മേഖലകളെയും പുനർനിർമ്മിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് ഇന്ന് നാം ജീവിക്കുന്നത്. ആശയവിനിമയത്തിന്റെ രീതികളും, അറിവ് കൈമാറുന്ന മാർഗങ്ങളും, സാമൂഹിക ഇടപെടലുകളുടെ സ്വഭാവവും ഡിജിറ്റൽ മാധ്യമങ്ങളുടെ സ്വാധീനത്തിൽ അടിസ്ഥാനപരമായി മാറിക്കഴിഞ്ഞു. ഈ മാറ്റത്തിന്റെ ഏറ്റവും ശക്തമായ പ്രതിഫലനങ്ങളിലൊന്നാണ് സോഷ്യൽ മീഡിയയിലെ "റീൽ സംസ്കാരം." ഏതാനും സെക്കൻഡുകൾ മാത്രം ദൈർഘ്യമുള്ള ഈ ഹ്രസ്വ ദൃശ്യരൂപങ്ങൾ ഇന്ന് വിനോദത്തിന്റെ അതിർത്തികൾ കടന്ന് സംസ്കാരത്തെയും ഭാഷയെയും സാമൂഹികബോധത്തെയും രാഷ്ട്രീയപ്രവണതകളെയും സ്വാധീനിക്കുന്ന ശക്തമായ മാധ്യമങ്ങളായി മാറിയിരിക്കുന്നു.

ഒരുകാലത്ത് കുടുംബങ്ങളിലും സമൂഹങ്ങളിലും മാത്രം ഒതുങ്ങിയിരുന്ന സംസ്കാരം ഇന്ന് മൊബൈൽ സ്ക്രീനുകളിൽ പ്രത്യക്ഷപ്പെടുന്നു. ഉത്സവങ്ങൾക്കിടയിലും സാമൂഹിക കൂട്ടായ്മകളിലുമായിരുന്ന അതിന്റെ സ്വാഭാവിക സാന്നിധ്യം പതിനഞ്ച് സെക്കൻഡുകളിലേക്ക് ചുരുങ്ങി ലോകമെമ്പാടും പ്രചരിക്കുന്നു. ഈ മാറ്റം വെറും സാങ്കേതിക പരിണാമമല്ല; അത് മനുഷ്യരുടെ സാംസ്കാരിക അനുഭവത്തെ തന്നെ മാറ്റിമറിച്ച ഒരു സാമൂഹിക പരിവർത്തനമാണ്. സമകാലിക ദൃശ്യസംസ്കാരത്തിൽ റീലുകൾ എന്നത് കേവലം വിനോദോപാധി എന്നതിനപ്പുറം, ആശയവിനിമയത്തിന്റെ ഒരു പുതിയ ദൃശ്യഭാഷയായി പരിണമിച്ചിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ ഗൗരവകരമായ ഒരു ചോദ്യം ഉയരുന്നു:

**"റീലുകൾ നമ്മുടെ സാംസ്കാരിക മൂല്യങ്ങളെ പുനരുജ്ജീവിപ്പിക്കുകയാണോ ചെയ്യുന്നത്, അതോ അവയെ കേവലം ട്രെൻഡുകളായി ലഘൂകരിക്കുകയാണോ?"**

സൂക്ഷ്മമായി പരിശോധിച്ചാൽ ഇതിന് രണ്ടു വശങ്ങളുണ്ടെന്ന് കാണാം. ഒന്ന് സാംസ്കാരിക ജനാധിപത്യവൽക്കരണമാണ്. മുഖ്യധാരയിൽ നിന്ന് മാറ്റിനിർത്തപ്പെട്ട കലാരൂപങ്ങളെയും സാംസ്കാരിക വൈവിധ്യങ്ങളെയും ഡിജിറ്റൽ ഇടത്തിൽ പുനഃപ്രതിഷ്ഠിക്കാൻ ഇത്തരം ദൃശ്യങ്ങൾ സഹായിക്കുന്നു. രണ്ടാമത്തേത്, സങ്കീർണ്ണമായ സാംസ്കാരിക പ്രക്രിയകളെ ഏതാനും നിമിഷങ്ങൾ മാത്രം ദൈർഘ്യമുള്ള ദൃശ്യങ്ങളിലേക്ക് ചുരുക്കുമ്പോൾ, അവയുടെ ആഴവും ഗൗരവവും നഷ്ടപ്പെടാൻ സാധ്യതയുണ്ട്. ഇവിടെ സംസ്കാരം എന്നത് ആഴത്തിലുള്ള ഒരു അനുഭവത്തിന് പകരം ഉപഭോഗസാധ്യത മാത്രമുള്ള ഒരു ട്രെൻഡായി ചുരുങ്ങുന്നു. സാങ്കേതികവിദ്യയുടെ ഈ പുതിയ രീതി സംസ്കാരത്തിന് നവീനമായ ഭാവുകത്വം നൽകുന്നുണ്ടെങ്കിലും, അത് നമ്മുടെ സാംസ്കാരിക പൈതൃകത്തിന്റെ തനിമയെ എത്രത്തോളം നിലനിർത്തുന്നു എന്നത് വസ്തുനിഷ്ഠമായി വിലയിരുത്തപ്പെടേണ്ടതാണ്.

ആധുനിക മനുഷ്യന്റെ ദൈനംദിന ജീവിതചര്യകൾ ഇന്ന് ഡിജിറ്റൽ ഉപകരണങ്ങളുമായി അഭേദ്യമായി ബന്ധിക്കപ്പെട്ടിരിക്കുന്നു. വ്യക്തിബന്ധങ്ങൾക്കും പ്രാഥമിക ആശയവിനിമയങ്ങൾക്കും മുൻപ് ഡിജിറ്റൽ ലോകവുമായി സമ്പർക്കം പുലർത്തുന്ന രീതിയിലേക്ക് നമ്മൾ മാറിയിരിക്കുന്നു. ഇതിന്റെ ഫലമായി, സോഷ്യൽ മീഡിയ കേവലം ഒരു വിവരവിനിമയോപാധി എന്നതിനപ്പുറം ഒരു ഡിജിറ്റൽ സാംസ്കാരിക വേദിയായി മാറിയിരിക്കുകയാണ്.

ഇതിന്റെ ഫലമായി, സോഷ്യൽ മീഡിയ കേവലം ഒരു വിവരവിനിമയോപാധി എന്നതിനപ്പുറം ഒരു ഡിജിറ്റൽ സാംസ്കാരിക വേദിയായി മാറിയിരിക്കുകയാണ്. ഇന്ന് വസ്ത്രധാരണം, സൗന്ദര്യസങ്കൽപ്പങ്ങൾ, ഭക്ഷണരീതികൾ, ആഘോഷങ്ങൾ തുടങ്ങിയവയെക്കുറിച്ചുള്ള ധാരണ രൂപപ്പെടുത്തുന്നത് ഡിജിറ്റൽ പ്ലാറ്റ്ഫോമുകളാണ്. എന്താണ് ആഘോഷിക്കപ്പെടേണ്ടത് എന്നതിനെക്കുറിച്ച് അവ കൃത്യമായ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നു. ഒരുകാലത്ത് തലമുറകളിലൂടെ മന്ദഗതിയിൽ കൈമാറപ്പെട്ടിരുന്ന സംസ്കാരം ഇന്ന് ഒരു വിരൽത്തുമ്പിലൂടെ ലോകത്തിന്റെ മറ്റൊരു കോണിലെത്തുന്നു. ചുരുക്കത്തിൽ, ഭൂമിശാസ്ത്രപരമായ അതിരുകൾ ഭേദിച്ച് സംസ്കാരത്തെ ആഗോളതലത്തിൽ എത്തിക്കാൻ ഡിജിറ്റൽ വേദികൾക്ക് സാധിക്കുന്നുണ്ടെങ്കിലും, സാംസ്കാരിക വൈവിധ്യങ്ങളെ കേവലം ദൃശ്യാനുഭവങ്ങൾ മാത്രമാക്കി മാറ്റുന്ന ഒരു ഉപഭോഗസംസ്കാരം ഇത് വളർത്തുന്നുണ്ട്.

റീലുകൾ എന്ന ദൃശ്യ മാധ്യമരൂപം നിർവഹിക്കുന്ന ഏറ്റവും നിർണായകമായ ധർമ്മങ്ങളിലൊന്ന് പ്രാദേശിക ഭാഷകളുടെ സാംസ്കാരിക വീണ്ടെടുപ്പാണ്. വർഷങ്ങളോളം ഡിജിറ്റൽ ഇടങ്ങളിൽ നിലനിന്നിരുന്ന ഭാഷാപരമായ അധികാരശ്രേണിയിൽ നിന്ന് പ്രാദേശിക ഭാഷകളെ ഉയർത്തിക്കൊണ്ടുവരാൻ ഇത്തരം ഷോർട്ട് വീഡിയോകൾക്ക് സാധിച്ചിട്ടുണ്ട്. ഇംഗ്ലീഷ് പോലുള്ള ഭാഷാസംസ്കാരങ്ങൾ ആധിപത്യം പുലർത്തിയിരുന്ന ഡിജിറ്റൽ ലോകത്ത് പ്രാദേശിക ഭാഷകൾ ദീർഘകാലം പാർശ്വവൽക്കരിക്കപ്പെട്ടിരുന്നു. പലപ്പോഴും ഇത്തരം ഭാഷാശൈലികൾ പരിഹാസരൂപേണയാണ് ചിത്രീകരിക്കപ്പെട്ടിരുന്നത്. എന്നാൽ റീലുകളുടെ വരവോടെ ഈ ഭാഷകൾക്ക് പ്രാധാന്യം കൈവന്നു.

അതോടൊപ്പം തന്നെ ചൂണ്ടിക്കാണിക്കേണ്ട ഒന്നാണ് നാടൻ സംസ്കാരത്തിന്റെ ആഗോളവൽക്കരണം. ഒരു പ്രത്യേക ഭൂപ്രദേശത്ത് മാത്രം ഒതുങ്ങിനിന്നിരുന്ന ജനകീയ ഗാനങ്ങളും കലാരൂപങ്ങളും ഇന്ന് ആഗോളതലത്തിൽ സ്വീകരിക്കപ്പെടുന്നു.

സ്വന്തം ഭാഷയെയും സാംസ്കാരിക ചിഹ്നങ്ങളെയും മറ്റൊരു സമൂഹം ആദരവോടെ സ്വീകരിക്കുമ്പോൾ, അത് ആ സമൂഹത്തിന്റെ സാംസ്കാരിക സ്വത്വബോധത്തെ ശക്തിപ്പെടുത്തുന്നു. ഭാഷകൾ എന്നത് കേവലം അക്ഷരങ്ങളുടെ കൂട്ടമല്ല; മറിച്ച് അവ ഒരു ജനതയുടെ കാലാതീതമായ സ്മൃതികളും ചരിതങ്ങളും ജീവിതാനുഭവങ്ങളും പേറുന്ന സാംസ്കാരിക വാഹകരാണ്.

എന്നാൽ ഇതിനോടൊപ്പം അതീവ ഗൗരവകരമായ ഒരു സാംസ്കാരിക വൈരുധ്യവും നിലനിൽക്കുന്നുണ്ട്. ഒരു സംഗീതമോ ദൃശ്യങ്ങളോ ആഗോളതലത്തിൽ ശ്രദ്ധിക്കപ്പെടുമ്പോഴും, അതിന്റെ അടിസ്ഥാനപരമായ സാംസ്കാരിക പശ്ചാത്തലം വിസ്മരിക്കപ്പെടുന്നു എന്നതും ഇതിന്റെ പ്രത്യേകതയാണ്. പലപ്പോഴും പ്രാദേശിക കലാരൂപങ്ങളും ഗാനങ്ങളും ഡിജിറ്റൽ ലോകത്ത് കേവലം അലങ്കാരശബ്ദങ്ങൾ മാത്രമായി ഉപയോഗിക്കപ്പെടുന്നു. ഒരു ഗാനം വൈറലാകുമ്പോൾ ആസ്വാദകർ അതിന്റെ താളത്തിനപ്പുറം അത് പ്രതിനിധീകരിക്കുന്ന സമൂഹത്തിന്റെ ചരിത്രമോ വേദനകളോ പോരാട്ടങ്ങളോ തിരിച്ചറിയാൻ ശ്രമിക്കുന്നില്ല.

റാപ്പ് ഗാനങ്ങൾ, ആദിവാസി നൃത്തങ്ങൾ തുടങ്ങിയവയെല്ലാം റീലുകളിൽ സമൃദ്ധമായി ഉപയോഗിക്കപ്പെടുന്നുണ്ടെങ്കിലും, ആ കലയുടെ സ്രഷ്ടാക്കളോ അവർ ജീവിക്കുന്ന സാമൂഹിക സാഹചര്യങ്ങളോ മിക്കപ്പോഴും അദൃശ്യമായി തുടരുന്നു. അംഗീകാരമില്ലാതെ ഒരു സാംസ്കാരിക ഘടകത്തെയും യഥാർത്ഥത്തിൽ പുനരുജ്ജീവിപ്പിക്കാൻ സാധിക്കില്ല. ഒരു കലാരൂപത്തെ അതിന്റെ ചരിത്രപരമായ വേരുകളിൽ നിന്ന് അടർത്തിമാറ്റി പ്രദർശിപ്പിക്കുമ്പോൾ, അതിന് അതിന്റെ ആത്മാവ് നഷ്ടപ്പെടുകയും അത് കേവലം ഒരു ചരക്കായി മാറുകയും ചെയ്യുന്നു.

റീലുകൾ ഇന്ന് വെറും വിനോദമാധ്യമങ്ങൾ മാത്രമല്ല; അവ പഠനവിഷയങ്ങളായും മാറിയിരിക്കുന്നു. ഡിജിറ്റൽ ഹ്യൂമാനിറ്റീസ് എന്ന പഠനശാഖ സാമൂഹ്യമാധ്യമങ്ങളെ സാംസ്കാരിക പഠനത്തിന്റെ ഭാഗമായി പരിശോധിക്കുന്നു. 'ഡിജിറ്റൽ ഹ്യൂമാനിറ്റീസ്' സാമൂഹ്യമാധ്യമങ്ങളെ പുതിയൊരു സാംസ്കാരിക ചട്ടക്കൂടിലൂടെ വിശകലനം ചെയ്യുന്നു. ഒരു റീൽ വീഡിയോ എന്നത് ഒരു കാലഘട്ടത്തിന്റെ അടയാളമാണ്. പുരാവസ്തു ഗവേഷകർ പൗരാണിക വസ്തുക്കളെ പഠനവിധേയമാക്കുന്നതുപോലെ, ഡിജിറ്റൽ ഹ്യൂമാനിറ്റീസ് ഒരു റീലിനെ ഒരു സാംസ്കാരിക വസ്തുവായി കാണുന്നു.

അത് ആ കാലത്തെ സാമൂഹിക അഭിരുചികളെയും, രാഷ്ട്രീയ നിലപാടുകളെയും, സാങ്കേതിക പരിണാമങ്ങളെയും സംരക്ഷിച്ചുവെക്കുന്നു. സാഹിത്യം, ചരിത്രം, നരവംശശാസ്ത്രം, രാഷ്ട്രീയം തുടങ്ങിയ വിഷയങ്ങളെ ഡിജിറ്റൽ ഇടങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ട് പുതിയ ഗവേഷണങ്ങളിലേക്ക് നയിക്കാൻ ഇത് സഹായിക്കുന്നു. ഒരു ജനത തങ്ങളെത്തന്നെ എങ്ങനെ ദൃശ്യവൽക്കരിക്കുന്നു എന്നത് ആ സമൂഹത്തിന്റെ മനഃശാസ്ത്രം മനസ്സിലാക്കാൻ ഉപകരിക്കുന്നു.

ഈ മാധ്യമം ആവശ്യപ്പെടുന്ന വേഗതയും ആസ്വാദനരീതിയും സങ്കീർണ്ണമായ സാംസ്കാരിക അനുഭവങ്ങളെ വെറുമൊരു ദൃശ്യാനുഭവങ്ങളായി ലഘൂകരിക്കുന്നു എന്നതാണ് ഇതിലെ പ്രധാന പരിമിതി. ദീർഘമായ കാലയളവിൽ വികസിച്ചുവന്ന സാംസ്കാരിക അനുഭവങ്ങൾ ഏതാനും സെക്കൻഡുകളിലേക്ക് ചുരുക്കപ്പെടുമ്പോൾ അവയുടെ ആഴം നഷ്ടപ്പെടുന്നു. ഇവിടെ ആത്മീയത വെറുമൊരു എസ്തറ്റിക് ദൃശ്യമായും, ചരിത്രം കേവലം ഇൻസ്പിരേഷനായും പരിവർത്തനം ചെയ്യപ്പെടുന്നു. നൃത്തങ്ങൾ അവയുടെ താളഭാവങ്ങളിൽ നിന്ന് അടർത്തിയെടുത്ത് വെറുമൊരു ചലനങ്ങളായി മാറുന്നു.

**"റീലുകളുടെ വേഗത്തിൽ ലോകം മാറുമ്പോൾ, സംസ്കാരത്തിന്റെ വേരുകൾ മറക്കാതിരിക്കുക തന്നെയാണ് യഥാർത്ഥ ഡിജിറ്റൽ ബോധം."**

സാംസ്കാരിക ചിഹ്നങ്ങളെ അവയുടെ തനിമയോ പശ്ചാത്തലമോ മനസ്സിലാക്കാതെ ഉപയോഗിക്കുന്ന രീതി ഇന്ന് വ്യാപകമാണ്. ഭാഷയുടെ അർത്ഥം ഗ്രഹിക്കാതെ വരികൾ ഉപയോഗിക്കുന്നതും, ആദിവാസി ആഭരണങ്ങളും വസ്ത്രധാരണ രീതികളും ഫാഷൻ ട്രെൻഡുകളായി മാറ്റുന്നതും ഇതിന് ഉദാഹരണമാണ്. കലയെ അതിന്റെ സാമൂഹിക പശ്ചാത്തലത്തിൽ നിന്ന് വേർപ്പെടുത്തി വിനോദോപാധിയാക്കി മാറ്റുന്നത് ആ സമൂഹത്തോടുള്ള അനാദരവായി മാറുന്നു.

റീലുകളുടെ സംസ്കാരം സാമൂഹിക പ്രശ്നങ്ങളിലേക്കും വ്യാപിക്കുന്നു. ശ്രദ്ധ പിടിച്ചുപറ്റാനും വിവരങ്ങൾ അതിവേഗം പ്രചരിപ്പിക്കാനുമുള്ള മത്സരത്തിൽ പലപ്പോഴും സാമൂഹിക പ്രതിബദ്ധത നഷ്ടപ്പെടുന്നു. അശ്ലീലത, വ്യാജ ആരോഗ്യ ഉപദേശങ്ങൾ, വിദ്വേഷ പ്രസംഗങ്ങൾ, സ്വകാര്യതയുടെ ലംഘനം എന്നിവ ഡിജിറ്റൽ ഇടങ്ങളിൽ വ്യാപകമാകുന്നു. പ്രശസ്തിക്കുവേണ്ടിയുള്ള പരക്കംപാച്ചിലിൽ ഇത്തരം കാര്യങ്ങൾ സമൂഹത്തിൽ വലിയ ആഘാതമുണ്ടാക്കുന്നു. ലൈക്കുകളും ഷെയറുകളും പോലുള്ള പ്രതികരണങ്ങൾ ഇത്തരം തെറ്റായ പ്രവണതകളെ വീണ്ടും പ്രോത്സാഹിപ്പിക്കുന്ന ഒരു പ്രക്രിയയാണ്.

സമകാലിക സാഹചര്യത്തിൽ മീഡിയ സാക്ഷരത എന്നത് കേവലം അറിവല്ല; മറിച്ച് അതൊരു അതിജീവനശേഷിയാണ്. കണ്ടന്റുകളെ വിമർശനാത്മകമായി വിശകലനം ചെയ്യാനും സത്യവും മിഥ്യയും വേർതിരിച്ചറിയാനുമുള്ള കഴിവ് ഓരോ ഉപഭോക്താവും ആർജിക്കേണ്ടതുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും കുടുംബങ്ങൾക്കും ഈ വിഷയത്തിൽ വലിയ ഉത്തരവാദിത്തമുണ്ട്. യുവതലമുറയെ ഡിജിറ്റൽ ലോകത്തിന്റെ മര്യാദകളും ഉത്തരവാദിത്തങ്ങളും തിരിച്ചറിയുന്ന ഉത്തരവാദിത്തമുള്ള ഡിജിറ്റൽ പൗരന്മാരാക്കി വളർത്തുക എന്നതാണ് ഇന്നത്തെ കാലഘട്ടം ആവശ്യപ്പെടുന്നത്.

സാംസ്കാരിക വിനിമയത്തിന്റെ ചരിത്രപരമായ പശ്ചാത്തലത്തിൽ നോക്കുമ്പോൾ, സമകാലിക ഡിജിറ്റൽ യുഗം വലിയൊരു മാറ്റത്തിന് സാക്ഷ്യം വഹിക്കുന്നു. ഒരുകാലത്ത് സാംസ്കാരികാനുഭവങ്ങൾ എന്നത് വ്യക്തിബന്ധങ്ങളിലൂടെയും പ്രകൃതിയോടുള്ള ഇടപഴകലുകളിലൂടെയും വളരെയധികം സാവധാനം രൂപപ്പെട്ടിരുന്ന പ്രക്രിയയായിരുന്നു. എന്നാൽ ഇന്ന് അനുഭവങ്ങൾ അനുഭവിക്കപ്പെടുന്നതിന് മുൻപേ തന്നെ ദൃശ്യവൽക്കരിക്കപ്പെടുന്നു. ആധുനിക മനുഷ്യൻ ജീവിതം ജീവിക്കുന്നതിനേക്കാൾ ഉപരിയായി അത് മറ്റുള്ളവർക്ക് മുന്നിൽ പ്രദർശിപ്പിക്കാനാണ് ശ്രമിക്കുന്നത്.

ആഘോഷങ്ങളും ഉത്സവങ്ങളും പോലും അതിന്റെ തനിമയിലല്ല, മറിച്ച് ക്യാമറയ്ക്ക് അനുയോജ്യമായ രീതിയിലാണ് ആസൂത്രണം ചെയ്യപ്പെടുന്നത്. യാത്രകളും കാഴ്ചകളും നേരിട്ട് അനുഭവിക്കുന്നതിന് പകരം സ്ക്രീനിലൂടെ മാത്രം വീക്ഷിക്കുന്ന ഒരു അവസ്ഥ സമൂഹത്തിൽ വർധിച്ചുവരുന്നു. കുടുംബങ്ങൾ ഒരേ വേദിയിൽ ഒത്തുചേരുമ്പോഴും വ്യക്തികൾ ഓരോരുത്തരും തങ്ങളുടെ ഡിജിറ്റൽ ലോകങ്ങളിൽ ഒറ്റപ്പെടുന്നത് സാമൂഹികബന്ധങ്ങളുടെ ഊഷ്മളത കുറയ്ക്കുന്നു.

റീലുകൾ സംസ്കാരത്തെ പൂർണമായി രക്ഷിക്കുന്നതുമല്ല, നശിപ്പിക്കുന്നതുമല്ല. അവ ഒരു ശക്തമായ ഡിജിറ്റൽ ഉപാധിയാണ്. അത് എങ്ങനെ ഉപയോഗിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. സൂക്ഷ്മതയോടെ ഉപയോഗിക്കുമ്പോൾ പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങളുടെ ശബ്ദമാകാനും പ്രാദേശിക കലാരൂപങ്ങളെ ആഗോളതലത്തിൽ പ്രതിഷ്ഠിക്കാനും ഈ മാധ്യമത്തിന് സാധിക്കും.
റീലുകൾ സംസ്കാരത്തിന് നൽകുന്ന ആഗോള ദൃശ്യത വലിയൊരു സാധ്യതയാണെങ്കിലും, അത് സംസ്കാരത്തിന്റെ ആഴത്തെയും തനിമയെയും ഇല്ലാതാക്കുന്ന ഉപഭോഗവസ്തുവായി മാറരുത്. ഡിജിറ്റൽ ലോകത്തിന്റെ വേഗമേറിയ ട്രെൻഡുകൾക്കപ്പുറം, ഒരു ജനതയുടെ പൈതൃകത്തെ ബഹുമാനത്തോടെയും ഉത്തരവാദിത്തത്തോടെയും അടയാളപ്പെടുത്താൻ നമുക്ക് സാധിക്കണം.

സംസ്കാരം എന്നത് വിരൽത്തുമ്പിലൂടെ സ്ക്രോൾ ചെയ്യാനുള്ള ഒരു ദൃശ്യം മാത്രമല്ല; മറിച്ച് തലമുറകളിലൂടെ കൈമാറേണ്ട സജീവമായ ജീവിതാനുഭവമാണ്. സാങ്കേതികവിദ്യയുടെ വേഗത്തിൽ നമ്മുടെ സാംസ്കാരിക വേരുകൾ അറ്റുപോകുന്നില്ലെന്ന് ഉറപ്പുവരുത്തുകയാണ് ഡിജിറ്റൽ യുഗത്തിലെ പ്രധാന വെല്ലുവിളി.



# THE GEOMETRY OF INCLUSION



*-A collection of student reflections & works through the mathematical lens*

# WONDER

## Movie Review



**Ebeena Thomas**
**Mathematics (2025-27)**

The film Wonder, directed by Stephen Chbosky, is a deeply moving and inspirational story about kindness, acceptance, and courage. Based on the novel by R. J. Palacio, the movie explores the emotional journey of a child who looks different from others and his struggle to find acceptance in society.

The story revolves around August Pullman, a boy born with a severe facial difference. Because of his medical condition, he has undergone many surgeries and has been homeschooled by his mother. At the age of ten, Auggie attends a regular school for the first time. Entering school becomes one of the biggest challenges in his life, as he faces stares, fear, and bullying from classmates who judge him by his appearance.



Despite these difficulties, Auggie slowly begins to make friends who see his intelligence, humor, and kindness rather than his face. The film also shows the experiences of his family members, especially his sister, who sometimes feels neglected because of the attention given to Auggie. Through these multiple perspectives, the story shows how one child's difference affects an entire family and community.

One of the strongest aspects of the movie is its emotional realism. Auggie's pain, fear, and hope feel genuine, making the audience empathize with him. The performances are heartfelt, particularly that of the child actor playing Auggie, who conveys deep emotions even under heavy makeup. The parents are portrayed as loving and supportive, representing the strength of family bonds.

The central message of the film is expressed in the phrase "Choose kind." The movie teaches that people should not judge others by their appearance but by their character. It highlights the importance of empathy, inclusion, and respect in schools and society. It also addresses bullying and peer pressure, showing how kindness from even a few individuals can transform someone's life.

In conclusion, Wonder is not just a film about a boy with a facial difference; it is a universal story about humanity and compassion. It encourages viewers to be more understanding and accepting of others. The movie leaves a lasting emotional impact and serves as an important reminder that true beauty lies within a person's heart. For these reasons, Wonder is an inspiring and meaningful film suitable for audiences of all ages.

# LET US STAND TOGETHER



**Devika M**
**Mathematics (2025-27)**

THE WORLD DOES NOT BELONG TO JUST ONE OF US,
IT BELONGS TO EVERYONE.
EVEN IF OUR COLORS ARE DIFFERENT,
EVEN IF OUR LANGUAGES ARE DIFFERENT,
OUR HEARTS BEAT THE SAME WAY.

A SMILE IS UNDERSTOOD BY ALL,
TEARS ARE PAINFUL FOR EVERYONE.
SO DO NOT PUSH ANYONE AWAY,
REACH OUT YOUR HAND AND INCLUDE THEM.

THERE IS NO DIFFERENCE BETWEEN SMALL OR BIG,
NO DIFFERENCE BETWEEN RICH OR POOR.
WHEN WE STAND TOGETHER,
THE WORLD BECOMES MORE BEAUTIFUL.

STAND BESIDE SOMEONE WHO FEELS ALONE,
BE A SUPPORT TO SOMEONE WHO IS TIRED.
ONLY WHEN WE COME TOGETHER
CAN WE BECOME TRULY HUMAN.

# Inclusivity in Art: Embracing Equal Expression and Cultural Unity



**Varsha K**
**Mathematics (2025-27)**

Inclusivity in art means creating a world where every person, regardless of background, ability, culture, gender, age, or economic status, has the opportunity to participate in and enjoy creative expression. In forms such as drawing, painting, sculpture, dance, music, theater, and cultural performances, inclusivity encourages artists to welcome diverse ideas, traditions, and perspectives rather than limiting creativity to a single style or group of people. Art becomes more meaningful when it reflects the experiences and identities of many communities instead of only a privileged few.

In visual arts like drawing and painting, inclusivity allows artists to explore different cultures, emotions, and personal stories through their work. Artists from marginalized communities often use creativity to express struggles, traditions, and identities that may otherwise go unnoticed. Inclusive art spaces give these artists equal opportunities to showcase their talent in exhibitions, competitions, workshops, and galleries. This not only supports fairness but also enriches the art world with fresh ideas and unique forms of expression. New creativity often emerges when artists learn from different cultures and perspectives, combining traditional techniques with modern innovation. Many modern artists experiment with mixed media, digital illustration, recycled materials, and community-based projects to make art more accessible and meaningful to wider audiences.

Inclusivity is equally important in dance and cultural art forms. Dance has always been a powerful way for people to express emotions, celebrate heritage, and build community connections. Inclusive dance encourages participation from people of different physical abilities, body types, and cultural backgrounds. Traditional dance forms from various regions deserve equal respect and recognition alongside popular mainstream styles. When cultural performances are appreciated and preserved, communities are able to protect their identity while sharing their traditions with others. Inclusive cultural festivals and performances help people learn about customs, music, costumes, and stories from around the world, promoting understanding and respect between societies. Cultural art forms such as folk dance, tribal art, classical music, street performances, and handmade crafts all contribute to preserving history while inspiring future generations.

Accessibility also plays a major role in inclusive art. Art schools, cultural programs, and creative events should be open and welcoming to everyone,including

people with disabilities or those from financially disadvantaged backgrounds. Providing affordable materials, scholarships, accessible performance spaces, and supportive learning environments can help talented individuals pursue their artistic passions without unnecessary barriers. Technology and social media have also increased inclusivity by allowing artists, dancers, and performers to share their work with global audiences, even if they lack access to major institutions or expensive training opportunities. Online tutorials, virtual exhibitions, and digital art platforms now allow people from rural areas and small communities to learn and participate in artistic activities from anywhere in the world.

Another important part of inclusivity in art is encouraging freedom of imagination and originality. Creativity grows when people feel accepted and confident enough to experiment with new ideas. Inclusive environments allow artists to break stereotypes, mix artistic traditions, and develop innovative styles without fear of judgment. This openness leads to artistic evolution and keeps cultural art forms alive by adapting them to modern times while still respecting their roots. Young artists especially benefit from inclusive spaces because they feel encouraged to express their thoughts, emotions, and identities freely through creative work.

Inclusivity in art also helps build empathy and emotional connection among people. Art has the power to communicate feelings and experiences that words sometimes cannot express. When audiences experience paintings, dances, songs, or performances from different cultures and communities, they begin to understand perspectives beyond their own lives. This can reduce prejudice, encourage compassion, and strengthen unity in diverse societies. Community art projects, public murals, cultural exhibitions, and collaborative performances often bring people together and create a sense of belonging and shared identity. Furthermore, inclusive art supports social change by giving visibility to important issues such as equality, environmental awareness, mental health, human rights, and cultural preservation. Artists often use their creativity to raise awareness and inspire positive action. Through painting, dance, photography, or theater, art can challenge discrimination and encourage society to become more open-minded and accepting. Creative expression becomes not only a form of entertainment but also a powerful tool for education and transformation.

Overall, inclusivity in drawing, painting, dance, music, and cultural arts strengthens both creativity and society. It ensures that art remains a space where everyone can express themselves, celebrate their identity, and contribute their unique talents. When different voices, traditions, and creative ideas are welcomed together, art becomes more vibrant, inspiring, and reflective of humanity as a whole. Inclusivity allows art to connect people across cultures and generations, making creativity a universal language that belongs to everyone.



# The Walls That Melted

## A story of togetherness

Swetha Raj M P
Mathematics (2025-27)

In a small village called Harmonyville, people from different religions, languages, cultures, and economic backgrounds lived side by side. Although they shared the same streets and markets, there was an invisible wall between them. Each group mostly stayed within its own circle, rarely interacting with others. The village existed together, but not united.

One day, a school teacher named Ms. Anita introduced a project called “Our Village, Our Responsibility.” She encouraged the students to share something unique about their families—their traditions, food, stories, or challenges. At first, some students felt nervous. They wondered whether others would truly listen or understand.

As the project began, something beautiful happened. Rahim spoke about his family’s festival celebrations and what they meant to him. Anya performed a traditional dance passed down through generations. Aravind shared his experience of helping his father, who used a wheelchair, explaining how certain public places in the village were difficult to access. His story made everyone reflect deeply.

The students began to understand that social inclusivity is not just about allowing differences to exist—it is about respecting, valuing, and learning from them. They decided to take action. Together, they wrote a letter to the village council requesting ramps in public buildings, books in multiple languages in the library, and a community festival where every group could participate equally.

Slowly, the village started to change. People began talking more, helping one another, and celebrating together. The invisible walls began to disappear. Harmonyville truly lived up to its name.

At the closing event of the school project, Ms. Anita said,
“A strong society is not built by people who are all the same, but by people who stand together despite their differences.”

And so, the small village learned a powerful lesson—that social inclusivity is the foundation of unity, empathy, equality, and shared humanity.



# Social Inclusivity in India



**Anumol Togi**
**Mathematics (2025-27)**



Social inclusivity refers to the practice of ensuring that all individuals, regardless of their caste, religion, gender, language, region, economic background, or physical ability, are given equal rights, opportunities, and respect in society. It means creating a society where everyone feels valued, accepted, and empowered to participate fully in social, economic, and political life. In a diverse country like India, social inclusivity is not just important—it is essential for maintaining unity and national development.

India is known for its rich diversity. It is home to multiple religions, hundreds of languages, various cultural traditions, and different social groups. While this diversity is a strength, it can also create divisions if inclusivity is not practiced. Recognizing this, the makers of the Indian Constitution laid a strong foundation for equality and justice. The Constitution guarantees Fundamental Rights that ensure equality before the law and prohibit discrimination based on religion, race, caste, sex, or place of birth. One of the key architects of the Constitution, B. R. Ambedkar, strongly advocated for the rights of marginalized communities and worked tirelessly to eliminate social discrimination.

One of the most significant steps towards social inclusivity in India is the reservation system. Reservations in education and government employment are provided to Scheduled Castes (SC), Scheduled Tribes (ST), and Other Backward Classes (OBC). These communities had historically faced social exclusion and limited access to resources. By providing reservations, the government aims to create equal opportunities and promote social justice. Although debates continue about the system, it has helped many individuals from disadvantaged backgrounds achieve education and employment.

Gender inclusivity is another important aspect of social development in India. For many years, girls and women faced discrimination in education, healthcare, and employment. To address this issue, the government launched initiatives such as Beti Bachao Beti Padhao, which focuses on protecting and educating the girl child. Additionally, laws have been enacted to prevent child marriage, domestic violence, and workplace harassment. Increasing awareness about women's rights and promoting female education are strong steps toward building an inclusive society.

India has also made efforts to include persons with disabilities. The Rights of Persons with Disabilities Act ensures equal opportunities in education, employment, and public services. Many public buildings, transportation systems, and educational institutions are now required to provide accessibility facilities such as ramps and special learning support. Inclusive education policies encourage children with disabilities to study in regular schools along with other students, promoting understanding and acceptance from an early age.

Economic inclusivity is equally important. Poverty and unemployment can lead to social exclusion. Government schemes like rural employment programs, skill development missions, and financial inclusion initiatives aim to reduce economic inequality. Programs that promote digital literacy and access to banking services help bring marginalized communities into the mainstream economy.

Cultural and religious inclusivity is one of India's greatest strengths. The country celebrates festivals of different religions such as Diwali, Eid, Christmas, Gurpurab, and Pongal. People from different communities often participate in each other's celebrations, reflecting mutual respect and harmony. This spirit of unity in diversity has helped India remain strong despite its vast differences.

However, challenges still remain. Caste-based discrimination, gender inequality, regional differences, and economic disparities continue in some parts of the country. Social media can sometimes spread hate or misinformation, leading to division. Therefore, promoting awareness, education, and empathy is essential. Inclusivity must begin at home and in schools, where children learn values of respect and cooperation.

Hence, social inclusivity is vital for India's progress and unity. The Constitution, government policies, and social movements have contributed significantly to creating a more inclusive society. However, true inclusivity requires continuous effort from every citizen. By respecting diversity, standing against discrimination, and supporting equal opportunities for all, India can continue to grow as a united and progressive nation.





**Varsha K**
**Mathematics (2025-27)**

# Inclusivity in Nature: learning belonging from the Natural World



Nature does not operate through exclusion. Forests, rivers, coral reefs, grasslands, and mountains thrive because of diversity, interdependence, and balance. Every organism — from the smallest fungi beneath the soil to the tallest trees in a rainforest — plays a role in sustaining life. Inclusivity in nature is not simply a poetic idea; it is a fundamental principle of survival and resilience.



Nature teaches us that diversity creates strength. Different species work together to maintain balance, showing that cooperation is essential for growth and survival. Similarly, human societies become stronger and more resilient when people of different backgrounds, cultures, and abilities are respected and included.

Inclusivity also reflects the interconnectedness of life. Just as ecosystems depend on every organism, communities thrive when everyone has equal opportunities and support. By learning from nature, humanity can build a more compassionate, balanced, and sustainable world.

"Let's protect the natural and cultural treasures passed down through generations. By preserving our green heritage, we ensure a thriving planet for the future."



# *Learning to Feel: A Reflection on Writing "The School for Sympathy"-By E. V Lucas*



**Malavika K**
**Mathematics (2024-26)**

Writing the School for Sympathy by E. V. Lucas, from his collection A Choice of Essays, is an essay that gently yet powerfully touches the reader's heart. It does not speak about education in terms of ranks or achievements; instead, it speaks about something far more important—the ability to feel for others.
I first read this essay during my degree English class, but it soon became more than a prescribed text for examination. As I read about Lucas's visit to Miss Beam's school, I found myself emotionally moved. The idea of children temporarily experiencing disabilities such as blindness or physical limitations is both simple and profound. It made me realize how easily we take our abilities for granted and how little we understand the daily struggles of people who live with disabilities.

What affected me most was the fairness and humanity of Miss Beam's approach. No child is spared from this experience, and no child is singled out. Through this, the students learn compassion not through lessons, but through lived experience. As a student, this made me reflect deeply on my own behaviour—how often I overlook others' pain or fail to offer help simply because I do not fully understand their struggles.

This essay also made me think seriously about inclusive education. Lucas shows that inclusion is not only about infrastructure or policies, but about attitudes. Without sympathy, even the most advanced educational system can feel cold and excluding. The essay awakened in me a strong belief that schools must shape emotionally sensitive individuals who can build a kinder and more inclusive society.





Reading The School for Sympathy was not just an academic experience for me; it was a personal one. It reminded me that education is meaningful only when it teaches us to be humane. This essay stayed with me long after I finished reading it, urging me to be more understanding, more patient, and more compassionate toward others.





**Aswathi P Reghunath**
**Mathematics (2025-27)**

*Through the lens*



# *Still life*





**Ebeena Thomas**
**Mathematics (2025-27)**

# TOGETHER WE LEARN

-Celebrating Diversity, Equity, and Belonging in Education



# LESSONS BEYOND THE HILLS



**Joyal Saju**
**Physical Science (2025-27)**

There are journeys that entertain us, and there are journeys that transform us. This is a reflection on one such journey I made during my Higher secondary days - a study trip with my Sunday school classmates through parts of Wayanad and Kozhikode. Today, as a B.Ed student in our P.K.M. College of Education, Madampam, I revisit those memories with deeper understanding. What once felt like a simple academic excursion now shines before me as a living lesson on academic inclusivity.

It was during my 11th standard, as part of a study tour organised by our Sunday School from our parish church, Infant Jesus Church, Balesugiri that this unforgettable journey began. On 12 February 2016, at exactly 5:30 a.m., we gathered in front of our parish church. The sky was still stretching awake. Dew shimmered on leaves. . There was laughter, photographs, and the light-hearted excitement of a field visit. Our bus moved through the misty morning, filled with laughter, songs, and the joy of friendship. As we climbed the winding roads bordered by thick greenery, none of us imagined that the hills ahead would quietly reshape our understanding of education.

At first as part of our field exposure, we visited GVHSS Mananthavady. The school stood modestly amidst the natural beauty of the region. The infrastructure was simple, yet the environment radiated warmth. Many students there came from tribal communities and economically weaker sections. Some were first-generation learners. A few struggled with Malayalam as they spoke different dialects at home.Inside one classroom, we observed a science lesson conducted with locally available materials - leaves, pebbles, and simple charts. The teacher ensured that every student participated..





When one child hesitated to answer, she gently encouraged him, giving him the time and confidence to respond. . That moment left a lasting impression on me. Inclusivity there was not announced; it was practiced silently and sincerely.

Later, we reached Emmaus Villa Residential School for Mentally Challenged, Thonichal located near Mananthavady - an institution dedicated to educating and supporting children with diverse learning needs.

Stepping onto the campus, I felt an immediate calmness - gentle laughter, bright artwork on walls, and teachers moving slowly and patiently between students. This was a place where progress was measured in small steps, quiet achievements, and shining eyes.

Inside the classrooms, some children were engaged in sensory activities, while others were learning life skills. A group worked gently with learning materials, guided by a teacher who spoke softly and encouraged each child. There were no rush, no loud instructions - just tender care and focused support.

A teacher explained to us: "Here, we do not measure success by speed or scores.

We measure it by confidence - by every small smile, every new word, every skill learned."

I watched a child proudly show the first letter he had learned to write, while another practised simple toiletries skills, gaining independence step by step. That moment touched me deeply. Inclusivity is not just placing students together; it is meeting each learner where they are and valuing effort over results. As we left around 11:30 a.m., the children waved at us, their smiles radiant. My heart felt full - grateful to have witnessed courage in its purest form. True inclusion does not erase differences; it celebrates them.

We also visited St. Alphonsa L.P. School, Thariode. Though it was a small primary school nestled amidst the greenery of Wayanad, it radiated warmth and togetherness. Here, we observed young learners from diverse linguistic and socio-economic backgrounds studying side by side in harmony. Some came from farming families, some from daily wage households, and some spoke different mother tongues - yet inside the classroom, they were simply learners.

The teachers patiently adapted their teaching methods according to the needs of each child. Instructions were repeated gently when required. Visual aids were used thoughtfully. Group activities were designed in such a way that every child had a meaningful role - whether it was reading, drawing, explaining, or arranging materials. No one was sidelined. No one was ignored.

As an 11th standard student then, I simply admired the teachers' dedication. Today, as a B.Ed student, I understand that what I witnessed was academic inclusivity in action - creating equal opportunities for all learners, regardless of background, ability, language, or gender.

From Wayanad, we continued our journey to Kozhikode. There, we visited Government Higher Secondary School, Nadakkavu, an institution known for its progressive educational practices. In one classroom, we observed students with varying abilities learning together. A visually impaired student used Braille materials confidently. A hearing-impaired student participated with peer assistance and sign language support.The atmosphere was collaborative and respectful.

What touched me most was not just the availability of facilities, but the mindset of the teachers and students. Differences were not viewed as limitations; they were embraced as part of the learning community. That day, I realized that inclusivity begins with attitude. When teachers believe in every learner's potential, classrooms become spaces of belonging.

On our final evening, our group walked along Kozhikode Beach. The waves moved rhythmically, touching every foot that stood by the shore without discrimination. Watching the sunset, I felt a quiet realization settle within me - education must be like the sea, embracing all without bias.

At that time, I did not foresee that I would soon step into a B. Ed programme, preparing myself for the noble profession of teaching. Today, sitting in our B. Ed college and writing this for our college magazine, those memories return with renewed meaning.

The journey with my Sunday school group was more than sightseeing; it was an awakening.



In our B.Ed classes, we now discuss inclusive education, learner-centered pedagogy, differentiated instruction, and equitable assessment. We analyze theories and policies. But whenever the topic of academic inclusivity arises,

my mind travels back to those classrooms in Wayanad and Kozhikode.

